സൂറഃ-7

# അൽ അഅ്റാഫ്

سَآءَ مَثَلًا ٱلْقَوْمُ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا وَأَنفُسَهُمْ كَانُوا۟ يَظْلِمُونَ ﴿١٧٧﴾

مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِى ۖ وَمَن يُضْلِلْ فَأُو۟لَـٰٓئِكَ هُمُ ٱلْخَـٰسِرُونَ ﴿١٧٨﴾

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ ٱلْجِنِّ وَٱلْإِنسِ ۖ لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا
وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ ءَاذَانٌ لَّا يَسْمَعُونَ بِهَآ ۚ أُو۟لَـٰٓئِكَ كَٱلْأَنْعَـٰمِ
بَلْ هُمْ أَضَلُّ ۚ أُو۟لَـٰٓئِكَ هُمُ ٱلْغَـٰفِلُونَ ﴿١٧٩﴾

**177.** നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറഞ്ഞ ജനത്തിന്റെ ഉപമ വളരെ നീചമായതുതന്നെ. അവർ അവരെത്തന്നെ അക്രമിക്കുകയായിരുന്നു.

**178.** അല്ലാഹു മാർഗദർശനം ചെയ്തവനാകുന്നു സന്മാർഗം പ്രാപിച്ചവൻ. അവൻ വഴിതെറ്റിച്ചവരോ, മഹാ നഷ്ടത്തിലകപ്പെട്ടവർ തന്നെയാകുന്നു.

**179.** കുറേ ജിന്നുകളെയും മനുഷ്യരെയും നാം നരകത്തിനായി സൃഷ്ടിച്ചിരിക്കുന്നു. അവർക്ക് മനസ്സുകളുണ്ട്. പക്ഷേ അതുകൊണ്ടവർ ഗ്രഹിക്കുന്നില്ല. കണ്ണുകളുണ്ട്, അതുകൊണ്ട് കാണുന്നുമില്ല. കാതുകളുണ്ട്, കേൾക്കുന്നുമില്ല. കാലികളെപ്പോലെയാണക്കൂട്ടർ. അല്ല, അവരാണധികം പിഴച്ചവർ. അവർ ബോധമില്ലാത്തവർതന്നെയാകുന്നു.

سَآءَ = വളരെ നീചമായതുതന്നെ مَثَلًا = ഉപമയാൽ ٱلْقَوْمُ = ജനം(ത്തിന്റെ)
ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറഞ്ഞവരായ وَأَنفُسَهُمْ = (അവർ) അവരെത്തന്നെ
كَانُوا۟ يَظْلِمُونَ = അക്രമിക്കുകയായിരുന്നു مَن يَهْدِ ٱللَّهُ = അല്ലാഹു മാർഗദർശനം ചെയ്തവൻ
فَهُوَ ٱلْمُهْتَدِى = അവനാകുന്നു സന്മാർഗം പ്രാപിച്ചവൻ وَمَن يُضْلِلْ = അവൻ വഴിതെറ്റിച്ചവൻ(രോ)
فَأُو۟لَـٰٓئِكَ هُمُ = അവർ തന്നെയാകുന്നു ٱلْخَـٰسِرُونَ = നഷ്ടപ്പെട്ടവർ (മഹാ നഷ്ടത്തിലകപ്പെട്ടവർ)
وَلَقَدْ ذَرَأْنَا = തീർച്ചയായും നാം സൃഷ്ടിച്ചിരിക്കുന്നു لِجَهَنَّمَ = നരകത്തിനായി كَثِيرًا = കുറേ, പെരുത്ത് (ആളുകളെ)
مِّنَ ٱلْجِنِّ = ജിന്നുക(ളെയും)ളിൽനിന്ന് وَٱلْإِنسِ = മനുഷ്യ(രെയും)രിൽനിന്നും لَهُمْ = അവർക്കുണ്ട് قُلُوبٌ = ഹൃദയങ്ങൾ
لَّا يَفْقَهُونَ = അവർ ഗ്രഹിക്കുന്നില്ല بِهَا = അതുകൊണ്ട് وَلَهُمْ أَعْيُنٌ = അവർക്ക് കണ്ണുകളുമുണ്ട്
لَّا يُبْصِرُونَ بِهَا = അതുകൊണ്ട് അവർ കാണുന്നില്ല وَلَهُمْ ءَاذَانٌ = അവർക്ക് ചെവികളുണ്ട്
لَّا يَسْمَعُونَ بِهَآ = അതുകൊണ്ട് അവർ കേൾക്കുന്നില്ല أُو۟لَـٰٓئِكَ = അക്കൂട്ടർ كَٱلْأَنْعَـٰمِ = കാലികളെപ്പോലെയാണ്
بَلْ = അല്ല هُمْ = അവരാണ് أَضَلُّ = അധികം പിഴച്ചവർ أُو۟لَـٰٓئِكَ هُمُ = അവർ, അക്കൂട്ടർ തന്നെയാകുന്നു
ٱلْغَـٰفِلُونَ = അശ്രദ്ധർ, ബോധമില്ലാത്തവർ

**177:** മുൻ സൂക്തത്തിലെ അവർ ചിന്തിച്ചെങ്കിലോ - لَعَلَّهُمْ يَتَفَكَّرُونَ - എന്ന വാക്യം ചിന്തിക്കാനുള്ള ഒരാഹ്വാനമാണ്. ആ ആഹ്വാനത്തെ ഒന്നുകൂടി ഊന്നിക്കൊണ്ട് ചിന്തിക്കേണ്ട വിഷയം സൂചിപ്പിക്കുക കൂടി ചെയ്തിരിക്കുകയാണീ സൂക്തം. ഭൗതികാസക്തികൾക്കടിപ്പെട്ട് സത്യജ്ഞാനത്തെ തള്ളിക്കളയുന്ന മനുഷ്യൻ എന്തുമാത്രം അധമവും നികൃഷ്ടവുമായ അവസ്ഥയിലേക്കാപതിക്കുന്നു എന്നാണ് ചിന്തിക്കേണ്ടത്. അവൻ ആദരണീയമായ മനുഷ്യൻ എന്ന അവസ്ഥയിൽനിന്ന് ഏറ്റവും നിന്ദ്യവും നീചവുമായ ഒരു മൃഗത്തിന്റെ അവസ്ഥയിലെത്തുന്നു. മനുഷ്യന് സങ്കൽപിക്കാവുന്നതിൽവെച്ച് ഏറ്റവും നിന്ദ്യമായ അവസ്ഥയാണ് പട്ടിയെപ്പോലെയാവുക. അതിനാൽ നിങ്ങൾ ഈ ഉപമയർഹിക്കുന്നവരാവാതിരിക്കുക. അഥവാ അതർഹിക്കുന്നവരായാൽ അതുകൊണ്ട് അല്ലാഹുവിനോ അവന്റെ ദൃഷ്ടാന്തങ്ങൾക്കോ ഒരു നഷ്ടവും സംഭവിക്കാനില്ല. നഷ്ടമത്രയും നിങ്ങൾക്കുതന്നെയായിരിക്കും. സ്വന്തം നടപടിയിലൂടെ നിങ്ങൾ നിങ്ങളെത്തന്നെ അക്രമിക്കുകയാണ് ചെയ്യുന്നത്.

**178:** ഇത് പ്രവാചകനുള്ള ഒരു സാന്ത്വനമാണ്, ഒപ്പം ഖുറൈശികൾക്കൊരു താക്കീതും. താൽപര്യമിതാണ്: ആളുകൾ സന്മാർഗം സ്വീകരിക്കാത്തതിൽ പ്രവാചകൻ വിഷമിക്കേണ്ടതില്ല.

സന്മാർഗം ലഭിക്കാൻ ഉതവിയുള്ളവരേ സന്മാർഗം സ്വീകരിക്കുകയുള്ളൂ. അല്ലാഹുവിന്റെ ഉതവിയാകട്ടെ വെറുതെയങ്ങുണ്ടാകുന്നതല്ല. സ്വയം സന്മാർഗബോധമുണ്ടാകണം. അല്ലാഹു നൽകിയ കഴിവുകളും യോഗ്യതകളുമുപയോഗിച്ച് ബോധപൂർവം അതന്വേഷിക്കുകയും വേണം. ഇതു രണ്ടുമില്ലാതെ, മനസ്സിനെയും മസ്തിഷ്കത്തെയും ഭൗതികാസക്തികളുടെ ചേറും ചെളിയും കൊണ്ട് പൊതിഞ്ഞ് അഭൗതികാശയങ്ങളിലേക്ക് തിരിഞ്ഞുനോക്കാൻ കൂട്ടാക്കാതെ ജീവിക്കുന്നവരെ അല്ലാഹു അവരുടെ അന്ധതയിൽ തന്നെ വിഹരിക്കാൻ വിടുന്നു. എല്ലാം നേടുന്ന ജേതാക്കളെന്ന് സ്വയം നിഗളിക്കുന്ന അക്കൂട്ടർ യഥാർഥത്തിൽ എല്ലാം നഷ്ടപ്പെടുന്ന പരമപരാജിതരാണ്.

**179:** അല്ലാഹു മാർഗദർശനം ചെയ്തവർ സന്മാർഗം പ്രാപിക്കുന്നുവെന്നും അവൻ വഴിതെറ്റിക്കുന്നവർ മഹാനഷ്ടത്തിലകപ്പെടുന്നുവെന്നുമാണല്ലോ മുൻ സൂക്തത്തിൽ പ്രസ്താവിച്ചത്. തുടർന്ന് പറയുന്നതിതാണ്: എല്ലാവരും ദൈവികസന്മാർഗംതന്നെ സ്വീകരിച്ച് സ്വർഗത്തിലെത്തിക്കൊള്ളണമെന്ന് അല്ലാഹുവിന് നിർബന്ധ നിശ്ചയമൊന്നുമില്ല. അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ ഓരോ വ്യക്തിക്കും അല്ലാഹു സന്മാർഗം തന്നെ നൽകുമായിരുന്നു. وَلَـوْ شِـئْنَا لَأَتَيْنَـا كُـلَّ نَفْسٍ هُدَىٰهَـا (നാം ഇഛരിച്ചിരുന്നുവെങ്കിൽ ഓരോ ആത്മാവിനും അതിന്റെ സന്മാർഗം തന്നെ നൽകുമായിരുന്നു) എന്ന് പല രീതികളിലായി ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. കുറേപേർ ചെകുത്താന്റെ ദുർബോധനത്തിന് വശംവദരായി സന്മാർഗത്തിൽനിന്ന് വ്യതിചലിക്കുകയും ഒടുവിൽ നരകത്തിലെത്തുകയും ചെയ്യും. അങ്ങനെയാണ് സന്മാർഗവും ദുർമാർഗവും വ്യതിരിക്തമാകുന്നത്. രണ്ടും ഒന്നുതന്നെയാണെങ്കിൽ, അല്ലെങ്കിൽ അനന്തരഫലത്തിൽ ഒരുപോലെയാണെങ്കിൽ സന്മാർഗത്തിന് പ്രത്യേക മൂല്യമില്ലല്ലോ. മനുഷ്യജീവിതം കൊണ്ടുദ്ദേശിക്കപ്പെട്ട പരീക്ഷണത്തിനും പ്രസക്തിയുണ്ടാവില്ല. ഇരുട്ടിന്റെ സാന്നിധ്യമാണ് വെളിച്ചത്തെ പ്രസക്തമാക്കുന്നത്. അതുകൊണ്ട് സന്മാർഗവും ദുർമാർഗവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ടാണ് അല്ലാഹു മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചിട്ടുള്ളത്. സ്വന്തം പ്രകൃതിയിൽ നിക്ഷിപ്തമായ തഖ്‌വയെ-ദൈവബോധത്തെ- കണ്ടെടുത്ത് വളർത്തുന്നവർ സന്മാർഗസ്ഥരാകുന്നു. അതിനെ അടിച്ചമർത്തി പാപപ്രവണത -فجور-യെ വളർത്തുന്നവർ വഴിപിഴക്കുന്നു. ഈ രണ്ടുതരക്കാരും മനുഷ്യവർഗത്തിലും ജിന്നുവർഗത്തിലുമുണ്ടായിരിക്കും. ജിന്നുകളും മനുഷ്യരെപ്പോലെ സ്വാതന്ത്ര്യവും വിവേചനബോധവും ഇഛരാശക്തിയുമുള്ളവരാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. അദൃശ്യസൃഷ്ടികളായതിനാൽ അവരുടെ മറ്റു സ്വഭാവപ്രകൃതികളെ കുറിച്ചോ രൂപത്തെക്കുറിച്ചോ നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ, ഈ ഭൂമിയിൽ നമ്മോടൊപ്പം തന്നെ അവർ അദൃശ്യരായി വാഴുന്നുണ്ടാവാം. അല്ലെങ്കിൽ അവരുടെ വാഴ്‌വ് അന്തരീക്ഷത്തിലോ ബഹിരാകാശത്തോ ഇതര ഗോളങ്ങളിലോ ആവാം.

ഇവിടെ നരകത്തിനുവേണ്ടി നാം സൃഷ്ടിച്ചിരിക്കുന്നു - ذَرَأْنَا لِجَهَنَّمَ - എന്നതിന്റെ താൽപര്യം ഇന്നയിന്നവരെയൊക്കെ നരകത്തിലിടണമെന്ന് നിശ്ചയിച്ചുറച്ച് സൃഷ്ടിച്ചു എന്നല്ല; മറിച്ച് ഒരുപാട് ആളുകൾക്ക് നരകത്തിലെത്താൻ കഴിയുമാറ്,അതിനുള്ള വഴിയും അല്ലാഹു സൃഷ്ടിച്ചുവെച്ചിരിക്കുന്നുവെന്നും തീർച്ചയായും കുറേയാളുകൾ ആ വഴി സഞ്ചരിക്കുകയും നരകത്തിലെത്തുകയും ചെയ്യുമെന്നുമാണ്. സ്വർഗത്തിലേക്കും നരകത്തിലേക്കുമുള്ള രണ്ടുവഴികളും അല്ലാഹു മനുഷ്യന് കാണിച്ചുകൊടുത്തിരിക്കുന്നു. ഓരോ മനുഷ്യന്നും അവനിഷ്ടമുള്ള വഴി തെരഞ്ഞെടുക്കാം- إِنَّـا هَدَيْنَـٰـهُ ٱلسَّـبِيلَ إِمَّـا شَـاكِرًا وَإِمَّـا كَفُـورًا (നാം അവനു വഴികാട്ടിക്കൊടുത്തിരിക്കുന്നു. വേണമെങ്കിൽ അവന് സന്മാർഗം അംഗീകരിക്കുന്നവനാകാം. അല്ലെങ്കിൽ നിഷേധിക്കുന്നവനാകാം-76:3).

നാം നരകത്തിനായി സൃഷ്ടിച്ചിരിക്കുന്നു എന്നു പറയുന്നത് അധ്യാപകൻ തന്റെ വിദ്യാർഥികളോട് ഇങ്ങനെ പറയുന്നതുപോലെയാണ്: 'ഈ ക്ലാസ്സിലെ ആൺകുട്ടികളിലും പെൺകുട്ടികളിലും കുറേപേരെ തോൽക്കാനായി ഞാൻ പഠിപ്പിക്കുന്നുണ്ട്'. അധ്യാപകന്റെ അധ്യാപനലക്ഷ്യം കുറേ കുട്ടികളുടെ തോൽവിയാണ് എന്നല്ലല്ലോ ഇതിനർഥം. എല്ലാവരും പഠിച്ചു പാസ്സാവുകതന്നെയാണ് അയാളുടെ ലക്ഷ്യം. പക്ഷേ, കുട്ടികളുടെ ജയവും തോൽവിയും പരീക്ഷയിൽ അവരെഴുതുന്ന ഉത്തരങ്ങളെ ആശ്രയിച്ചിരിക്കുന്നു. കുട്ടികൾക്ക് പാഠങ്ങൾ പറഞ്ഞുകൊടുക്കുകയായിരുന്നു അധ്യാപകൻ. പഠിപ്പിൽ ശ്രദ്ധയും താൽപര്യവുമുള്ളവർ അത് പഠിച്ചു. അല്ലാത്തവർ ഉഴപ്പി. ക്ലാസ്സിൽ രണ്ടുതരക്കാരുമുണ്ടെന്ന് അയാൾക്കറിയാം. അതുകൊണ്ട് കുറേ പേർ തോറ്റുപോകുമെന്ന് അയാൾക്കുറപ്പാണ്. ഈ ഉറപ്പ് കുട്ടികളുടെ ജയത്തെയോ തോൽവിയെയോ ഒട്ടും സ്വാധീനിക്കുന്നില്ല.

വിത, വ്യാപനം, ഉളവാക്കൽ എന്നീ അർഥങ്ങളുള്ള ذَرْأ-ൽ നിന്നുള്ളതാണ് ذَرَأْنَا എന്ന ക്രിയാപദം. നാം വിതച്ചു എന്നും സൃഷ്ടിച്ചു പരത്തി എന്നും അതിനർഥമാവാം. സന്തതികൾ എന്ന അർഥത്തിലുള്ള ذُرِّية-ഉം ഈ പദത്തിൽനിന്നുത്ഭവിച്ചതാണ്. ജിന്നുകളിലും മനുഷ്യരിലും പെരുത്ത പേരെ അല്ലാഹു നരകത്തിനായി വിളയുന്ന വിത്തായി വിതച്ചിരിക്കുന്നു. വിത്ത് വിതക്കുന്നത് കതിരിനുവേണ്ടിയാണെങ്കിലും കുറേ വിത്തുകൾ പതിരാണ് വിളയിക്കുകയെന്ന് കർഷകന്നറിയാം. لِجَهَنَّمَ-യിലെ 'لِ' ശബ്ദം പരിണതിയെ സൂചിപ്പിക്കാൻ (للعاقبة) ഉള്ളതാണെന്നാണ് ചില ഭാഷാപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. അതനുസരിച്ച് لِجَهَنَّمَ-യുടെ വിവക്ഷ 'ഒടുവിൽ നരകത്തിലെത്തിച്ചേരുന്നു' എന്നാണ്.

ഇങ്ങനെ കുറേപേർ നരകത്തിലെത്താനുള്ള യഥാർഥ കാരണമാണ് തുടർന്ന് പറയുന്നത്. മറ്റു മനുഷ്യർക്കെന്നപോലെ യാഥാർഥ്യങ്ങൾ ചിന്തിച്ചു മനസ്സിലാക്കാൻ കഴിവുള്ള മനസ്സും ദൃഷ്ടാന്തങ്ങൾ കാണാനുള്ള കണ്ണുകളും ഉപദേശങ്ങളും ഉദ്ബോധനങ്ങളും കേട്ടറിയാനുള്ള ചെവികളും മറ്റു ഇന്ദ്രിയങ്ങളും അല്ലാഹു അവർക്കും നൽകിയിട്ടുണ്ട്. പക്ഷേ, അതൊന്നും അവർ ഉപയോഗിക്കേണ്ടവിധം ഉപയോഗിക്കുന്നില്ല. قلب -ന്റെ ബഹുവചനമാണ് قلوب. ശരീരത്തിലെ ഹൃദയം എന്ന അവയവത്തിനും വിചാരവികാരങ്ങളുടെ കേന്ദ്രമായ മനസ്സിനും ഈ പദം ഉപയോഗിക്കുന്നു. فقه-ൽനിന്നുത്ഭവിച്ച ബഹുവചന വർത്തമാന ക്രിയയാണ് يَفْقَهُونَ. ഗ്രഹിക്കുക, ഉൾക്കൊള്ളുക, ചിന്തിച്ചറിയുക എന്നൊക്കെയാണ് فقه-ന്റെ അർഥം. ഒരു കാര്യം കണ്ടോ കേട്ടോ നേരിട്ടറിയുന്നതിന് فهم എന്നും علم എന്നും പറയുന്നു. നേരിട്ടുള്ള അറിവിൽനിന്ന് അതിനപ്പുറമുള്ള യാഥാർഥ്യങ്ങൾ മനസ്സിലാക്കുകയാണ് فقه. ഇന്ദ്രിയങ്ങളിലൂടെ ആർജിക്കുന്നതാണ് പ്രത്യക്ഷമായ علم-ഉം فهم-ഉം. ഇത് നല്ലൊരളവിൽ തിര്യക്കുകൾക്കുമുണ്ട്. പ്രത്യക്ഷമായി അറിഞ്ഞതിനെ മനനം ചെയ്ത് ആർജിക്കുന്ന അറിവാണ് فقه. ഇമാം റാഗിബ് പറയുന്നു: الفقه هو التوصل بعلم شاهد الى علم غائب (പ്രത്യക്ഷമായ അറിവിലൂടെ പരോക്ഷമായ അറിവിലേക്കെത്തുകയാണ് ഫിഖ്ഹ്). പിൽക്കാലത്ത് ഇസ്‌ലാമിക കർമശാസ്ത്ര വിജ്ഞാനത്തെ സൂചിപ്പിക്കുന്ന ഒരു പദമായി فقه പ്രചാരം നേടുകയുണ്ടായി. ഇതേക്കുറിച്ച് ഇമാം ഗസ്സാലി പറയുന്നു: ആദ്യകാലത്ത് ഫിഖ്ഹ് എന്ന നാമം പരലോകമാർഗം സംബന്ധിച്ച അറിവ്, ആത്മവിപത്തുകളുടെ സൂക്ഷ്മ വശങ്ങൾ, കർമനാശം എന്നിവ സംബന്ധിച്ച ജ്ഞാനത്തെയും ഭൗതികലോകത്തിന്റെ ക്ഷുദ്രതയെ സംബന്ധിച്ച അവബോധത്തെയും പാരത്രിക അനുഗ്രഹങ്ങളിലുള്ള തീക്ഷ്ണ ജിജ്ഞാസയെയും മനസ്സിന്മേലുള്ള ദൈവഭയത്തിന്റെ ആധിപത്യത്തെയും കുറിക്കുന്ന പദമായിരുന്നു. لِّيَتَفَقَّهُوا۟ فِى ٱلدِّينِ وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ (അവർ ദീനിൽ *തഫഖുഹ്* നേടാനും സ്വജനം തിരിച്ചുവന്നാൽ മുന്നറിയിപ്പു

നൽകാനും) എന്ന വാക്യം ഈ അർഥത്തെയാണ് കുറിക്കുന്നത്. ഈ ഫിഖ്ഹ്കൊണ്ടാണ് മുന്നറിയിപ്പും താക്കീതും സാധ്യമാവുക; അല്ലാതെ ത്വലാഖിന്റെയും ഇത്ഖിന്റെയും ലിആനിന്റെയും അവധിക്കച്ചവടത്തിന്റെയും വാടക ഇടപാടിന്റെയുമൊക്കെ വിശദാംശങ്ങൾ കൊണ്ടല്ല. എന്നല്ല, എപ്പോഴും അതിൽ മാത്രം വ്യാപരിക്കുന്നത് മനസ്സിനെ കടുപ്പിക്കുകയും അതിൽനിന്ന് ദൈവഭയത്തെ ഊരിക്കളയുകയും ചെയ്യും – അതിൽ മാത്രം നിരതരായവരെ ഇന്നും നാം കാണുന്നതുപോലെ. لَهُمْ قُلُوبٌ لَا يَفْقَهُونَ بِهَا എന്ന വാക്യത്തിൽ അല്ലാഹു ഉദ്ദേശിച്ചത് ഈമാന്റെ അർഥങ്ങളാണ്. ഫത്വ (കർമശാസ്ത്ര വിധികൾ) അല്ല (*തഫ്സീറുൽ മനാർ* ഭാഗം 9, പേജ് 420,421).

ഇന്ദ്രിയജ്ഞാനങ്ങളുപയോഗിച്ച് ജീവിതത്തിന്റെ ആധ്യാത്മികമായ അർഥങ്ങളും ധാർമികാശയങ്ങളും ഗ്രഹിക്കുന്നതിന് ബുദ്ധിയെയും വിചാരശേഷിയെയും അവർ പ്രവർത്തിപ്പിക്കുന്നില്ല എന്നാണ് 'ഹൃദയങ്ങളുണ്ടായിട്ടും അതുകൊണ്ടവർ ഗ്രഹിക്കുന്നില്ല' എന്നു പറഞ്ഞതിന്റെ താൽപര്യം. പ്രപഞ്ചത്തിൽ പരന്നുകിടക്കുന്ന ദൈവികദൃഷ്ടാന്തങ്ങളൊന്നും കണ്ണു തുറന്നു കാണാൻ അവർ തയാറല്ല. വേദങ്ങളുടെയും പ്രവാചകന്മാരുടെയും പ്രബോധകരുടെയും സദുപദേശങ്ങളും ഉദ്ബോധനങ്ങളും ശ്രദ്ധിക്കാനും അവർക്ക് നേരമില്ല. അവരുടെ ചിന്ത ഭൗതിക പദാർഥങ്ങളിലും അവയുടെ ഉപഭോഗത്തിലും പരിമിതമാകുന്നു. അവരുടെ ദൃഷ്ടി പദാർഥങ്ങളുടെ ഭൗതികത മാത്രമേ കാണുന്നുള്ളൂ. ഭൗതിക നേട്ടമുള്ള കാര്യങ്ങൾ മാത്രമേ അവർ കേൾക്കുന്നുള്ളൂ. ഇന്ദ്രിയങ്ങളെയും മനസ്സിനെയും ഇങ്ങനെ ജഡികാവശ്യങ്ങളുമായി മാത്രം ബന്ധിപ്പിച്ചുപയോഗിക്കുക തിര്യക്കുകളുടെ പ്രകൃതിയാണ്. തിര്യക്കുകൾ എപ്പോഴും ശരീരത്തിന്റെ ആവശ്യങ്ങളിൽ മാത്രം ജാഗ്രത പുലർത്തുകയും തങ്ങളുടെ കഴിവുകളെ അതിനു വേണ്ടി മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു. അതാണ് അവയുടെ പ്രകൃതി. പ്രത്യക്ഷ ജ്ഞാനത്തിലൂടെ പരോക്ഷജ്ഞാനത്തിലെത്താനുള്ള കഴിവ് അവക്കില്ല. മനുഷ്യന്റെ അവസ്ഥ ഇതിൽനിന്ന് വ്യത്യസ്തമാണ്. അവന് കാഴ്ചയിലൂടെ കാഴ്ചക്കപ്പുറമുള്ളത് ഗ്രഹിക്കാനാകും. അതാണ് അവന്റെ ധിഷണാശേഷി– فقاهة. ഈ ശക്തിയെ ജീവിതത്തിന്റെ അർഥവും ലക്ഷ്യവും കണ്ടെത്തുന്നതിൽ ഒട്ടും വിനിയോഗിക്കാതെ, പദാർഥങ്ങളിലും അതിന്റെ ഉപഭോഗ സാധ്യതയിലും മാത്രം വിനിയോഗിക്കുകയാണെങ്കിൽ, തിര്യക്കുകൾ ചെയ്യുന്നതുതന്നെയാണവരും ചെയ്യുന്നത്. അവയുടെ ഗ്രാഹ്യത മനുഷ്യന്റേതിനോളം പ്രബലമല്ലാത്തതിനാൽ ഉപഭോഗത്തിൽ അവക്ക് മനുഷ്യനോടൊപ്പമെത്താൻ കഴിയുന്നില്ല എന്നേയുള്ളൂ.

മനുഷ്യൻ കരയിലും കടലിലും വായുവിലും അതിവേഗം സഞ്ചരിക്കുന്ന വാഹനങ്ങളുണ്ടാക്കുന്നു. സഹസ്രകാതങ്ങൾക്കപ്പുറമുള്ളവർ തമ്മിൽ നിമിഷാർധം കൊണ്ട് നേരിട്ടു ബന്ധപ്പെടാനുള്ള ഉപാധികൾ നിർമിക്കുന്നു. ബാഹ്യാകാശത്തും ഇതര ഗോളങ്ങളിലും സഞ്ചരിക്കുകയും താവളങ്ങളുണ്ടാക്കുകയും ചെയ്യുന്നു. എല്ലാം മനുഷ്യന്റെ നേട്ടം തന്നെ. ഈ നേട്ടങ്ങളെല്ലാം ഉണ്ടാക്കുന്ന മനുഷ്യർ താനുൾപ്പെടെയുള്ള ഈ അണ്ഡകടാഹത്തിന്റെ സ്രഷ്ടാവിനെ അന്വേഷിക്കുകയോ കണ്ടെത്തുകയോ ചെയ്യുന്നില്ലെങ്കിൽ സ്വന്തം ഗ്രാഹ്യതയെ അതിന്റെ പ്രഥമവും പ്രധാനവുമായ ധർമത്തിലല്ല അവൻ ഏർപ്പെടുത്തിയത്. പ്രത്യുത ജഡികാവശ്യങ്ങളുമായി ബന്ധപ്പെട്ട ഭൗതികകാര്യങ്ങളിൽ മാത്രമാണ്. അഭൗതികമായ യാഥാർഥ്യങ്ങളുടെ വിണ്ണിലേക്ക് പറന്നുയരുന്നതിനുവേണ്ടി അല്ലാഹു നൽകിയ ഉപാധികളെ മണ്ണിന്റെ ക്ഷണിക വിഭവങ്ങളന്വേഷിക്കുന്നതിൽ മാത്രം ഉപയോഗിക്കുകയാണ്. അതിനാൽ അത്തരക്കാർ കാലികളെപ്പോലെയാണ് – أُولَٰئِكَ كَالْأَنْعَامِ – എന്നു പറഞ്ഞത് അതിശയോക്തിപരമായ ഒരാക്ഷേപമല്ല; സംഭവത്തിന്റെ യഥാർഥ ഭാഷ്യംതന്നെയാണ്.

ഭൗതികശാസ്ത്രജ്ഞരും ഗവേഷകരും കാലികളെപ്പോലെ ബുദ്ധിയില്ലാത്തവരാണെന്നോ അവരുടെ പ്രവർത്തനം യാതൊരു മൂല്യവുമില്ലാത്തതാണെന്നോ അല്ല ഇവിടെ പറയുന്നത്. പദാർഥ പഠനങ്ങളും പരീക്ഷണങ്ങളും, പദാർഥത്തിന്റെ സ്രഷ്ടാവിലേക്കും സൃഷ്ടിലക്ഷ്യത്തിലേക്കും നയിക്കുന്നില്ലെങ്കിൽ സ്വന്തം യോഗ്യതകളെ അവർ കാലികൾ അവയുടെ യോഗ്യതകൾ ഉപയോഗിക്കുന്നതുപോലെ ഉപയോഗിക്കുന്നുവെന്നാണ് ആക്ഷേപം. ഏതു വിജ്ഞാനത്തിന്റെയും മൂല്യം ജീവിതത്തിന് അത് നൽകുന്ന പ്രയോജനമാണ്; ഐഹികവും പാരത്രികവുമായ ശാശ്വത ജീവിതത്തിന്. ഈ രണ്ടു ജീവിതത്തിന്റെയും സൗഖ്യം സ്രഷ്ടാവിനെയും സൃഷ്ടിയുടെ ലക്ഷ്യത്തെയും സംബന്ധിച്ച ജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു. ഭൗതികജീവിതത്തിനപ്പുറം യാതൊന്നുമില്ല എന്നു വിശ്വസിക്കുന്നവർക്ക് ആ ജീവിതത്തിന് സൗഖ്യമുണ്ടാക്കുന്ന വിജ്ഞാനവും കണ്ടുപിടിത്തവും വളരെ അമൂല്യമായി തോന്നും. പക്ഷേ, ജീവിതം മരണാനന്തരവും അനന്തമായി നീണ്ടുപോകുമെന്ന യാഥാർഥ്യത്തിന്റെ മുമ്പിൽ ഭൗതികജീവിതത്തിനു മാത്രം പ്രയോജനം ചെയ്യുന്ന ഏതു നേട്ടവും വളരെ ക്ഷണികവും നിസ്സാരവുമാണ്. വിദ്യാലയത്തിലെത്തുന്ന വിദ്യാർഥി അധ്യാപകനെയോ പാഠപുസ്തകങ്ങളെയോ ശ്രദ്ധിക്കാതെ, തനിക്ക് രസകരമായി തോന്നിയ വിവരങ്ങളിലും വിനോദങ്ങളിലും ഏർപ്പെടുന്നു. അവന്റെ ആ ദിവസം ബഹുരസകരമാകുന്നു. ക്ലാസ്സിലെ മറ്റു കുട്ടികൾക്കും അത് രസം നൽകിയിട്ടുണ്ടാവാം. അധ്യാപകനെ വെട്ടിച്ച് അതൊക്കെ ചെയ്യുന്നതിൽ അവൻ വൈദഗ്ധ്യവും വൈഭവവും പ്രകടിപ്പിച്ചിട്ടുമുണ്ടാവാം. എന്നാലും അവന്റെ നടപടിയെ ബുദ്ധിപൂർവം എന്ന് ആരും വിശേഷിപ്പിക്കുകയില്ല. അവന് ബുദ്ധിയില്ലാത്തതുകൊണ്ടോ ഉപയോഗിക്കാത്തതുകൊണ്ടോ അല്ല അത്. ഉപയോഗിക്കേണ്ട കാര്യത്തിൽ ഉപയോഗിക്കാത്തതുകൊണ്ടാണ്. അവൻ അന്നത്തെ സന്തോഷം മാത്രം നോക്കുകയായിരുന്നു. സ്വന്തം ഭാവിയെയും അത് ഭാസുരമാക്കേണ്ടതിന്റെ ആവശ്യകതയെയും ആ കുട്ടി നിഷേധിക്കുകയായിരുന്നു. ഇഹപരജീവിതങ്ങളെ ഒരുമിച്ചു വീക്ഷിക്കുന്നവരുടെ ദൃഷ്ടിയിൽ ഭൗതികജീവിതത്തിന്റെ സുഖം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരുടെ അവസ്ഥയും ഇതുതന്നെ.

അഗോചരലോകത്തെക്കുറിച്ച് അവബോധമുള്ളവരുടെ കണ്ണിൽ തങ്ങൾ കണ്ടെത്തുന്ന ഓരോ ശാസ്ത്രസത്യവും സ്രഷ്ടാവിലേക്കും സൃഷ്ടി ലക്ഷ്യത്തിലേക്കും വിരൽചൂണ്ടുന്ന ദൃഷ്ടാന്തമാകുന്നു. ശാസ്ത്രജ്ഞാനം വർധിക്കുന്ന മുറക്ക് അവരുടെ വിശ്വാസവും വർധിക്കുന്നു. അവരാണ് ധിഷണാശക്തി–فقاهة–യുള്ള മനസ്സിന്റെ ഉടമകൾ. കാണേണ്ടത് കാണുകയും കേൾക്കേണ്ടത് കേൾക്കുകയും ചെയ്യുന്നവർ. ഈ ധിഷണാശക്തി ശാസ്ത്രജ്ഞർക്കും പണ്ഡിതന്മാർക്കും മാത്രമുള്ളതല്ല. സാധാരണക്കാരിലും ഇതുണ്ട്. അവരവരുടെ ജീവിതാനുഭവങ്ങളുടെ ബാഹ്യവശത്തിനപ്പുറത്തേക്ക് എത്തിനോക്കാനുള്ള വാസന എല്ലാവരിലുമുണ്ട്. അതിനെ ഒരു ദൗർബല്യമായി കാണാതെ ശക്തിയായി കണ്ട് ഗൗരവത്തിൽ സമീപിച്ചാൽ ജീവിതത്തിനു വെളിച്ചം നൽകുന്ന പല യാഥാർഥ്യങ്ങളും മുന്നിൽ തെളിഞ്ഞുവരും. പക്ഷേ ഭൗതികമായ താൽപര്യങ്ങളോടും ഇഷ്ടാനിഷ്ടങ്ങളോടും പ്രതിബദ്ധതകളോടും ബന്ധിപ്പിച്ചുകൊണ്ടാണ് പലപ്പോഴും അവരങ്ങോട്ട് കണ്ണയക്കുക. അപ്പോഴത് ഭൗതികമായ അന്വേഷണമായിത്തന്നെ മാറുന്നു. ഭൗതികവാദപരമായ അന്വേഷണം അവിശ്വാസത്തിലും ദൈവനിഷേധത്തിലും എത്തിക്കുമ്പോൾ ഭൗതികതാൽപര്യങ്ങൾക്കടിമപ്പെടുത്തിയ അന്വേഷണം അന്ധവിശ്വാസങ്ങളിലും ബഹുദൈവത്വത്തിലുമാണെത്തിക്കുക. രണ്ടിന്റെയും ഫലം ഒന്നുതന്നെ– സത്യത്തിൽ നിന്നുള്ള വ്യതിചലനം. അതുകൊണ്ടാണ് അവിശ്വാസികളും അന്ധവിശ്വാസികളും പണ്ഡിതന്മാരും പാമരന്മാരുമെല്ലാം ഇക്കാര്യത്തിൽ ഒരുപോലെ കാലികളെപ്പോലെയാകുന്നത്.

കാലികളെപ്പോലെയുമല്ല; فقاهة –നെ തെറ്റായി ഉപയോഗി

ക്കുന്നതിനാൽ അവയേക്കാൾ അധഃപതിച്ചവരാണവർ. കാലികൾ അല്ലാഹു നൽകിയ യോഗ്യതകളെ അതെന്തിനുവേണ്ടിയാണോ നൽകിയത് അതിനുവേണ്ടിത്തന്നെ ഉപയോഗിക്കുന്നു. ഒരു ജന്തുവും അതിന്റെ പ്രകൃതിയെ അതിലംഘിക്കുന്നില്ല. അവ തങ്ങളെപ്പോലുള്ള ജന്തുക്കളെയോ മനുഷ്യരെയോ മലക്കുകളെയോ മറ്റു ദൈവേതര ശക്തികളെയോ കല്ലുകൊണ്ടും മരംകൊണ്ടും നിർമിച്ച വിഗ്രഹങ്ങളെയോ ആരാധിക്കുന്നില്ല. സ്വന്തം വിശപ്പകറ്റാനല്ലാതെ സ്വവർഗത്തിലോ ഇതര വർഗത്തിലോ പെട്ട മറ്റു ജന്തുക്കളെ കൊല്ലുന്നില്ല. ദൈവം നൽകിയ വിഭവങ്ങൾ ശേഖരിച്ച് മറ്റു ജീവികളിൽനിന്ന് തടഞ്ഞ് കെട്ടിപ്പൂട്ടി വെക്കുന്നില്ല. ഒരു മൃഗവും ഇതര മൃഗങ്ങളെ അടിച്ചമർത്തുകയോ അടിമകളാക്കുകയോ ചെയ്യുന്നില്ല. അന്യവർഗങ്ങളെ നീചരും നിന്ദ്യരുമായി കാണുകയും പെരുമാറുകയും ചെയ്യുന്നില്ല. മനുഷ്യനാവട്ടെ, പണ്ഡിത-പാമര വ്യത്യാസമന്യേ വ്യഷ്ടിഗതമായും സമഷ്ടിഗതമായും ഇത്തരം നെറികേടുകളൊക്കെയും നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നു. അതെ, മൃഗങ്ങളേക്കാൾ അധഃപതിച്ചവനാണ് സൃഷ്ടിയുടെ ആധ്യാത്മിക യാഥാർഥ്യവും സ്വന്തം ധർമവും മനസ്സിലാക്കാൻ കൂട്ടാക്കാത്ത മനുഷ്യൻ.

ഈ അവസ്ഥയിലെത്തിയവർ എത്ര വിദ്വാന്മാരായാലും ശരി, വിദഗ്ധന്മാരായാലും ശരി പ്രജ്ഞയില്ലാത്തവരാണ്. غافلون എന്ന പദം غفلة എന്ന മൂലത്തിൽനിന്നുമുള്ള കർതൃബഹുവചനമാണ്. ഓർക്കേണ്ടത് ഓർക്കാതിരിക്കുക, അറിയേണ്ടത് അറിയാതിരിക്കുക, അശ്രദ്ധ, ജാഗ്രതയില്ലായ്മ, അനവധാനത മുതലായ അർഥങ്ങളുള്ള പദമാണ് غفلة. ഇഹപരജീവിതങ്ങളുടെ നന്മക്കും സൗഭാഗ്യത്തിനുമുള്ള മാർഗങ്ങളെക്കുറിച്ചും അല്ലാഹുവിനോടുള്ള ബാധ്യതകളെക്കുറിച്ചും ബോധമില്ലാത്തവർ എന്ന അർഥത്തിലാണ് ഖുർആൻ അധികവും غافلون എന്ന് ഉപയോഗിച്ചിട്ടുള്ളത്.

സൂറഃ *യൂനുസി*ൽ അനേകം ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ച ശേഷം അവയെക്കുറിച്ചൊന്നും ചിന്തിക്കാത്തവരെക്കുറിച്ച് 7,8 സൂക്തങ്ങളിൽ പറയുന്നു:

إِنَّ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا وَرَضُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَٱطْمَأَنُّوا۟
بِهَا وَٱلَّذِينَ هُمْ عَنْ ءَايَٰتِنَا غَٰفِلُونَ ⑦ أُو۟لَٰٓئِكَ مَأْوَىٰهُمُ ٱلنَّارُ
بِمَا كَانُوا۟ يَكْسِبُونَ ⑧

(നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാതെ ഭൗതികജീവിതം കൊണ്ട് സന്തുഷ്ടരാവുകയും അതിൽതന്നെ വിശ്വാസമർപ്പിക്കുകയും- അവർ തന്നെയാകുന്നു നമ്മുടെ ദൃഷ്ടാന്തങ്ങളിൽ അശ്രദ്ധരാകുന്നവർ- ഉണ്ടല്ലോ, അക്കൂട്ടരുടെ അന്തിമ സങ്കേതം നരകമാകുന്നു; അവർ സമ്പാദിച്ചതിന്റെ ഫലമായി). സൂറഃ *അർറൂം* 7-ാം സൂക്തത്തിൽ പറഞ്ഞു: يَعْلَمُونَ ظَٰهِرًا مِّنَ ٱلْحَيَوٰةِ ٱلدُّنْيَا وَهُمْ عَنِ ٱلْءَاخِرَةِ هُمْ غَٰفِلُونَ (ഭൗതികജീവിതത്തിന്റെ ബാഹ്യവശം മാത്രമേ അവരറിയുന്നുള്ളൂ. പരലോകത്തെക്കുറിച്ചാവട്ടെ അവർ തീരെ ബോധമില്ലാത്തവരാകുന്നു). ■